# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

**പിഎച്ച്.ഡി. പ്രോഗ്രാം - പാർട്ട് ടൈം ഗവേഷണം നടത്തുന്ന അദ്ധ്യാപകർക്ക് രണ്ടു ഘട്ടങ്ങളിലായി കോഴ്സ് വർക്ക് പൂർത്തിയാക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**അക്കാദമിക് എ X സെക്ഷൻ**

**സ.ഉ.നം. 6355/2017/AX/3/അക്കാദമിക്** **പ്രിയദർശിനി ഹിൽസ്, തീയതി: 28.10.2017**

പരാമർശം: (1) ഓൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷനു വേണ്ടി ഡോ.പി.എൻ.ഹരികുമാർ, 08.09.2017-ൽ സമർപ്പിച്ച അപേക്ഷ.
(2) മൂത്തകുന്നം എസ്.എൻ.എം. ട്രെയിനിങ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറായ ശ്രീമതി സരിത വി.കെ സമർപ്പിച്ച അപേക്ഷ.
(3) 25.09.2017-തീയതിയിൽ കൂടിയ അക്കാദമിക് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ് ഇനം നം.16.
(4) ഫയൽ നം.എസി.എ10/3/92/2017.

## ഉത്തരവ്

പാർട്ട് ടൈം ഗവേഷണം നടത്തുന്ന അദ്ധ്യാപകർക്ക് മുൻ വർഷങ്ങളിലേതുപോലെ രണ്ടു ഘട്ടങ്ങളിലായി കോഴ്സ് വർക്ക് ചെയ്യുന്നതിന് തുടർന്നും അനുമതി നൽകണമെന്ന് പരാമർശം (1), (2) പ്രകാരം അപേക്ഷകൾ ലഭിച്ചിരുന്നു.

25.09.2017-ാം തീയതിയിൽ കൂടിയ അക്കാദമിക് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി ഈ വിഷയം പരിഗണിക്കുകയും പാർട്ട് ടൈം ഗവേഷണം നടത്തുന്ന അദ്ധ്യാപകർക്ക് രണ്ടു ഘട്ടങ്ങളിലായി കോഴ്സ് വർക്ക് പൂർത്തിയാക്കുന്നതിന് അനുമതി നൽകുവാൻ ശുപാർശ നൽകുകയും ചെയ്തു. ഈ ശുപാർശ 1985 ലെ മഹാത്മാഗാന്ധി സർവകലാശാല ആക്ട് സെക്ഷൻ 3.10(17) പ്രകാരമുള്ള അധികാരം ഉപയോഗിച്ച് ബഹു. വൈസ് ചാൻസിലർ അംഗീകരിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിലെ സ്ഥിരം അദ്ധ്യാപകർ, മഹാത്മാഗാന്ധി സർവകലാശാല ഡിപ്പാർട്ട്മെന്റുകളിലെ സ്ഥിരം അദ്ധ്യാപകർ, ഗവൺമെന്റ്/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെയും ഹൈസ്കൂളുകളിലെയും സ്ഥിരം അദ്ധ്യാപകർ, IHRD കോളേജുകളിലെ സ്ഥിരം അദ്ധ്യാപകർ എന്നിവർക്ക് തുടർച്ചയായ ആദ്യ രണ്ടു വർഷങ്ങളിൽ ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലായി രണ്ടു ഘട്ടങ്ങളായി കോഴ്സ് വർക്ക് പൂർത്തീകരിക്കാവുന്നതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
സുകുമാരൻ ടി.ബി.
അസിസ്റ്റന്റ് രജിസ്ട്രാർ(അക്കാദമിക്-I)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്:
1. വി.സി.യുടെ പി.എസ്./പി.വി.സി.യുടെ പി.എസ്.
2. രജിസ്ട്രാറുടെ പി.എ./കൺട്രോളറുടെ പി.എ.
3. റിസർച്ച് ഡയറക്ടർ
4. JR II(Admn)/DRI(Acad)/ARI(Acad)
5. Ac AII/Ac AXI സെക്ഷനുകൾ
6. EB X/EB XIV സെക്ഷനുകൾ
7. കണ്ടന്റ് മാനേജ്മെന്റ് സെൽ (വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനു വേണ്ടി)
8. റെക്കോർഡ്സ് സെക്ഷൻ
9. സ്റ്റോക്ക് ഫയൽ
10. ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ